10 ആയും വർദ്ധിപ്പിച്ചു. പതിനായിരം രൂപയുടെ സമ്മാനം ഉൾപ്പെടുത്തുകയും, ഏറ്റവും ചെറിയ സമ്മാനമായ 100/- രൂപയുടെ എണ്ണം കുറയ്ക്കുകയും ചെയ്തു.

കാരുണ്യ ഭാഗ്യക്കുറിയിൽ രണ്ടാം സമ്മാനമായി 50 പവൻ തങ്കനാണയങ്ങൾ നൽകിയിരുന്നത് മാറ്റി 25 ലക്ഷം രൂപയാക്കുകയും, പതിനായിരം രൂപയുടെ സമ്മാനം ഉൾപ്പെടുത്തുകയും, ഏറ്റവും ചെറിയ സമ്മാനം 100/- രൂപയാക്കുകയും ചെയ്തു.

**(സി)** എന്ന് മുതലാണ് ഭാഗ്യക്കുറി സമ്മാനഘടനയിൽ പരിഷ്കരണങ്ങൾ നിലവിൽ വന്നിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

**(സി)** പൗർണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ സമ്മാന ഘടന പരിഷ്കരിച്ചതിനു ശേഷമുള്ള നറുക്കെടുപ്പുകൾ 2014 മാർച്ച് മുതലാണ് ആരംഭിച്ചത്. പരിഷ്കരിച്ച സമ്മാനഘടന പ്രകാരമുള്ള പൗർണമി ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 02-03-2014-നും, വിൻ വിൻ ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 03-03-2014-നും അക്ഷയ ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 05-03-2014-നും ഭാഗ്യനിധിയുടേത് 07-03-2014-നുമാണ് നടന്നത്. കാരുണ്യ ഭാഗ്യക്കുറിയുടെ സമ്മാനഘടന പരിഷ്കരിച്ച ശേഷമുള്ള ആദ്യ നറുക്കെടുപ്പ് 05-04-2014-നും, കാരുണ്യ പ്ലസ് ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 03-04-2014-നുമാണ് നടന്നത്.

സെക്ഷൻ ഓഫീസർ.